നം. പി.എൽ.4/73977/2009/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്റ്ററുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 04.10.2010.

പൊതുവിദ്യാഭ്യാസ ഡയറക്റ്റർ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,

സർ,

വിഷയം - പൊതു വിദ്യാഭ്യാസം - സ്പെഷ്യൽ ഫീസ് നീക്കിയിരിപ്പ്തുക - സറണ്ടർ ചെയ്യുന്നത് - സംബധിച്ച്.

സൂചന - 1. സർക്കാർ ഉത്തരവ് നമ്പർ 740/10/പൊ.വി.വ. തീയതി 17.02.2010.
2. 21.06.2010-ലെ ഇതേ നമ്പർ കത്ത്.

സൂചന കത്തുകൾ ശ്രദ്ധിച്ചാലും " 1003 സ്കൂളുകൾക്ക് 1000 പുസ്തകങ്ങൾ വീതം"നൽകുന്ന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന പുസ്തകത്തിന്റെ വിലയായി കേരള ബുക്ക്മാർക്കിനു നൽകാനുള്ള ബാക്കി തുക ഗവൺമെന്റ് ഹൈസ്കൂളുകളിലെ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും വിനയോഗിക്കുന്നതിന് സൂചന ഒന്നു പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ സൂചന രണ്ടു പ്രകാരം സർക്കാർ ഹൈസ്കൂളുകളിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശേഖരിച്ച ആകെ സ്പെഷ്യൽ ഫീ (സ്കൗട്ട്സ് & ഗൈഡ്സ്, എക്സകർഷൻ ഫീ ഒഴികെ) കണക്കുകൾ പ്രകാരമുള്ള ആകെ തുകയുടെ 60% ഓരോ സർക്കാർ ഹൈസ്കൂളിൽ നിന്നും ശേഖരിച്ച് ഓരോവിദ്യാഭ്യാസ ജില്ലയിലെയും തുക ഒന്നായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി താഴെപ്പറയുന്ന വിലാസത്തിൽ, പേര് വച്ച കവറിൽ പ്രത്യേക ദൂതൻ മുഖാന്തിരം ഒക്റ്റോബർ 20-ാം തീയതി 5 മണിയ്ക്ക് മുൻപായി എത്തിക്കേണ്ടതാണ്.

വിലാസം - എം. വിജയൻ,
ചീഫ് പ്ളാനിംഗ് ഓഫീസർ,
ഡി.പി.ഐ. ഓഫീസ്,
ജഗതി, തിരുവനന്തപുരം.

വിശ്വസ്തതയോടെ,